അഞ്ചരലക്ഷക്കേസ്സ്

*൬൯൦. (ക്രസ്) ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അഞ്ചരലക്ഷക്കേസു സംബന്ധിച്ചുള്ള ചെലവു സഹിക്കുന്നതു് ആർ;

(ബി) ഇതിനകം ഈ കേസു സംബന്ധിച്ചു് എന്തു ചെലവായിട്ടുണ്ടു്;

(സി) ഈ കേസു നടത്തുവാൻ സ്പെഷ്യൽ ജഡ്ജിയായി സംസ്ഥാനത്തു് എത്തിയിട്ടുള്ള ശ്രീ. ബാലചന്ദ്രകോമന്റെ പ്രതിമാസശമ്പളമെന്തു്?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) തിരുവിതാംകൂർ–കൊച്ചി ഗവണ്മെണ്ടു്.

(ബി) അതുസംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നേയുള്ളൂ.

(സി) ൯,൨൫൦ രൂപാ.

ശ്രീ. സി. വി. ഇട്ടി: ഈ കേസുമൂലം ഗവണ്മെണ്ടിനു നഷ്ടംവരുന്ന സംഖ്യ അതിനുത്തരവാദികളായിക്കാണുന്നവരിൽനിന്നും ഈടാക്കുന്നതിനു് ഒരു സിവിൽ കേസു ഫയൽ ചെയ്യാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതുവരെ അതിനെപ്പറ്റി ആലോചിക്കുന്നതിനുള്ള അവസരം ഉണ്ടായിട്ടില്ല. ഏതായാലും അതിനെപ്പറ്റി ആലോചിക്കാം.

DISTRICT COURT AT NAGERCOIL

*691. [17] **Sri. Sree V. Das:** Will the Hon'ble Chief Minister be pleased to state.—

(*a*) whether there is any proposal to shift the District Court at Nagercoil at Trivandrum;

(*b*) is there any scheme to provide only one district court for each district; and

(*c*) whether there is any proposal to have a District Court at Neyyattinkara for Trivandrum Division?

Sri. T. K. Narayana Pillai:

(*a, b and c*) Not at present.

പബ്ലിക്കു് സർവ്വീസു് കമ്മീഷൻ ചെയർമാൻ

*൬൯൧. (ക്രവ്യ) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) പബ്ലിക്കു് സർവ്വീസു് കമ്മീഷൻ ചെയർമാൻ ചാർജ്ജു വഹിക്കുവാൻ ആരെയെങ്കിലും അധികാരപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ചുമതല വഹിക്കുന്നതു് ആരാണു്?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) പുതിയ ചെയർമാനെ നിയമിച്ചുകഴിഞ്ഞു.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

സാഹിബ്ബു് ബഹദൂർ കെ. എ. മുഹമ്മദ്: ഈ പുതിയ ചെയർമാനു് പെൻഷൻ എന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പബ്ലിക്കു് സർവ്വീസു് ചെയർമാനുദ്യോഗം പെൻഷനുള്ളതല്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: പബ്ലിക്കു് സർവ്വീസു് കമ്മീഷൻ ചെയർമാന്റെ ഉദ്യോഗകാലാവധി എത്രകൊല്ലമാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു പബ്ലിക്കു് സർവ്വീസു് കമ്മീഷൻ ആക്ടിൽത്തന്നെ വ്യവസ്ഥചെയ്തിട്ടുള്ളതാണു്.

സാഹിബ്ബു് ബഹദൂർ കെ. എ. മുഹമ്മദ്: പബ്ലിക്കു് സർവ്വീസു് കമ്മീഷൻ ചെയർമാനായി ചാർജ്ജെടുത്തപ്പോൾ അദ്ദേഹത്തിനു് എന്തു ശമ്പളമുണ്ടായിരുന്നു?

ശ്രീ. ടി. കെ. നാരായണപിള്ള: അദ്ദേഹം പബ്ലിക്കു് സർവ്വീസു് കമ്മീഷനിലെ ഒരംഗമായിരുന്നു. അതിനു നിശ്ചയിച്ചിട്ടുള്ള ആയിരം രൂപയുണ്ടായിരുന്നു.

ശ്രീ. എം. ഐ. പാപ്പു: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. ഈ ചോദ്യം പബ്ലിക്കു് സർവ്വീസു് കമ്മീഷൻ ചെയർമാന്റെ നിയമനത്തെപ്പറ്റിയുള്ളതാണു്. ശമ്പളത്തെപ്പറ്റിയുള്ള ചോദ്യം ഇവിടെ പ്രസക്തമാണോ?

LIBRARY ARCHIVES Kerala Legislative Assembly